# 6

# പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ രഹസ്യം

## (1 രാജാക്കന്മാർ 18:41- 46)

ഏലിയാവ് വെല്ലുവിളിച്ചതും ബാലിന്റെ 450 പ്രവാചകന്മാരെ കൊന്നതുമായ ദിവസം ഏലിയാവിന്റെ ജീവിതത്തിലെ വലിയ ദിവസമായിരുന്നു എന്നാണ് പലരും കരുതുന്നത്. കർമ്മേൽ പർവ്വതത്തിൽ നടന്ന സംഭവങ്ങൾ നാം വായിച്ചു. തീ ഇറങ്ങി വന്നതും ആളുകൾ, ''യഹോവ *അവൻ* തന്നെ ദൈവം'' എന്നു നിലവിളിച്ചതും കള്ളപ്രവാചകന്മാരെ കൊന്നതും നാം വായിച്ചു. സംഭവത്തിന്റെ അവസാനം, പ്രവാചകന്മാരുടെ ശവശരീരങ്ങൾ കിശോൻ തോട്ടിനരികെ കൂമ്പാരമായി കിടന്നിരുന്നത്, രാജാവ് നോക്കിയപ്പോൾ, അവന്റെ കണ്ണു തള്ളിപ്പോയിരിക്കും. ''ദൈവങ്ങളുടെ യുദ്ധാവസാനം,'' അദ്ധ്യായത്തിന്റെ അവസാനഭാഗം അനുബന്ധത്തോടുകൂടി തീരുമെന്നായിരിക്കും നാം വിചാരിക്കുക.

എന്നാൽ അങ്ങനെയല്ല, ഉച്ചസ്ഥാനം വരുവാനിരിക്കുന്നതേയുള്ളു. 1 രാജാക്കന്മാർ 18:1 നോക്കുക: ''മൂന്നാം സംവൽസരത്തിൽ ഏലിയാവിന്നു യഹോവയുടെ അരുളപ്പാടുണ്ടായി. നീ ചെന്നു ആഹാബിന്നു നിന്നെത്തന്നെ കാണിക്ക. '*ഞാൻ ഭൂതലത്തിൽ മഴ പെയ്യിപ്പാൻ പോകുന്നു എന്നു പറഞ്ഞു'* '' (എംഫസിസ് മൈൻ). മഴ പെയ്യിക്കുന്നതിനെ കുറിച്ചാണ് അദ്ധ്യായം 18 പറയുന്നത്. മഴ പെയ്യിക്കുന്നതിനു മുൻപ് ഏലിയാവ് ആഹാബിനെ കാണുകയും യിസ്രായേല്യരെ കർമ്മേൽ പർവ്വതത്തിൽ കൂട്ടിവരുത്തുകയും, അവിടെ വെച്ച് ദേശീയ ദുഃഖം പ്രകടിപ്പിക്കയും വേണമായിരുന്നു. അതു കൈവരിച്ചുകഴിഞ്ഞാൽ, വാഗ്ദാനം നിറവേറും.

നാം കാണുവാൻ പോകുന്നതുപോലെ, പ്രാർത്ഥനക്കുത്തരമായി വാഗ്ദാനം നിറവേറപ്പെടുന്നു. 1 രാജാക്കന്മാർ 18:41–46 പരിശോധിക്കുമ്പോൾ, ''പ്രാർത്ഥനക്കുത്തരം ലഭിക്കുന്ന രഹസ്യം'' കാണുകയും പല പാഠങ്ങൾ അതിൽനിന്നു നമുക്ക് ലഭിക്കുകയും ചെയ്യും.

വലിയ ഒരു പ്രാർത്ഥനയുടെ മാതൃക ഏതെന്നു നമ്മോട് ചോദിച്ചാലോ? ഒരുപക്ഷെ നാം യേശുവിന്റേയോ പൗലൊസിന്റേയോ പേർ പറയുമായിരിക്കും. പഴയനിയമത്തിലേതെന്ന് പ്രത്യേകമായി ചോദിച്ചാൽ നാം ഒരുപക്ഷെ ദാവിന്റേത് എന്നു പറഞ്ഞേക്കാം. യാക്കൊബിന്റെ ലേഖനത്തിൽ തീർച്ചയില്ലാത്ത ഒരു തിരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നു.

യാക്കൊബിന്റെ തിരഞ്ഞെടുപ്പ് അനുമോദിക്കുവാൻ, രണ്ടു സത്യങ്ങൾ ഓർമ്മിക്കുക: (1) ക്രിസ്ത്യാനികൾക്കുള്ള മന്നു ലേഖനങ്ങളിലേതിനേക്കാൾ യാക്കൊബിന്റെ ലേഖനത്തിൽ പ്രാർത്ഥനയെ കുറിച്ച് അധികം പറയുന്നു. (2) യാക്കൊബ് തന്നെയും പ്രാർത്ഥനയുള്ള മനുഷ്യനായിരുന്നു. അധിക സമയം മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്നതുകൊണ്ട് അവന്റെ കാൽമുട്ടുകൾ ഒട്ടകത്തിന്റെ കാലുകൾ പോലെ തഴമ്പ് വന്ന് കടുപ്പമുള്ളതായിരുന്നു എന്നാണ്

പാരമ്പര്യം പറയുന്നത്.

യാക്കൊബ് ആരെയാണ് തിരഞ്ഞെടുത്തത്?

> എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന്നു തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ്, ഒരുവന്നുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു; മഴ പെയ്യാതിരിക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവൽസരവും ആറു മാസവും ദേശത്ത് മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്നു മഴ പെയ്തു ഭൂമിയിൽ ധാന്യം വിളഞ്ഞു (യാക്കൊബ് 5:16-18).

യാക്കൊബ് തന്റെ മാതൃകയായിട്ടാണ് ഏലിയാവിനെ തിരഞ്ഞെടുത്തത്. ഏലിയാവിന്റെ ജീവിതത്തിൽനിന്ന് അവൻ തിരഞ്ഞെടുത്ത സംഭവങ്ങൾ നോക്കുക: മരിച്ച മകൻ ഉയർത്തെഴുന്നേറ്റ സംഭവമായിരുന്നില്ല, സ്വർഗത്തിൽനിന്നു തീ ഇറങ്ങിയതുമായിരുന്നില്ല, പിന്നെയോ പ്രാർത്ഥനയാൽ മഴ നിന്നുപോയതും, വീണ്ടും പ്രാർത്ഥിച്ചപ്പോൾ മഴ പെയ്തതുമായിരുന്നു.

''പ്രാർത്ഥനക്കുത്തരം ലഭിക്കുന്നതിന്റെ രഹസ്യമറിയുവാൻ'' നമുക്ക് 1രാജാക്കന്മാർ 18:41-46 ഉം യാക്കൊബ് 5:16-18 ഉം ഒരുമിച്ച് പരിശോധിക്കാം.

### ശക്തിയുള്ള പ്രാർത്ഥന

സംഭവത്തെ നമുക്ക് പുനരവലോകനം നടത്താം. ഏലിയാവ് മനുഷ്യനിൽനിന്നു മറഞ്ഞിരുന്നതും മനുഷ്യനോട് ഏറ്റു മുട്ടുന്നതും നാം കണ്ടു. അവൻ ദൈവവുമായി ആശയവിനിമയം നടത്തുന്നത് നമുക്ക് നോക്കാം.

''പിന്നെ ഏലിയാവ് ആഹാബിനോട്, 'നീ ചെന്നു ഭക്ഷിച്ചു പാനം ചെയ്ക' '' (1 രാജാക്കന്മാർ 18:41). ആഹാബ് ഏലിയാവോടുകൂടിയായിരുന്നു, ബാലിന്റെ പ്രവാചകന്മാർ കർമ്മേൽ പർവ്വതത്തിന്റെ താഴെ കിശോൻ തോട്ടിനരികെ കിടക്കുന്നു. ആ ദിവസം മുഴുവൻ അവൻ ഒരുപക്ഷെ ഭക്ഷണം കഴിച്ചുകാണുകയില്ല. ''പോയി നവോന്മേഷവും ബലവും പ്രാപിക്ക'' എന്നായിരുന്നു ഏലിയാവ് പറഞ്ഞത്.

അതു അവൻ ബാലിന്റെ പ്രവാചകന്മാരോട് പെരുമാറിയതിന്റെ വിപരീത പ്രവർത്തിയായിരുന്നു. ''അതു ന്യായമല്ല! ഈ മനുഷ്യനായിരുന്നല്ലൊ ഉത്തരവാദി, അവൻ ഈസെബേലിനെ വിവാഹം കഴിച്ചതിനാൽ ഈസെബേലായിരുന്നല്ലോ ബാലിന്റെ പ്രവാചകന്മാരെ കൊണ്ടുവന്നത്. ആ പ്രവാചകന്മാരെ കൊന്നിട്ട്, രാജാവിനെ ഭക്ഷണത്തിന് അയക്കുന്നു!''

ഈ പോയിന്റ് നാം പരിഗണിക്കണം: ദൈവത്താൽ അഭിഷിക്തരായവരെ ബഹുമാനിക്കണമെന്ന് ഊന്നൽ കൊടുത്തിരുന്നു (''യഹോവയുടെ അഭിഷിക്തനായതുകൊണ്ടാണ്'' ദാവീദ് ശൗലിനെ ബഹുമാനിച്ചത് 1 ശമുവേൽ 24:10; മുതലായവ) ആ മനുഷ്യൻ ആകേണ്ടതുപോലെ ആയില്ലെങ്കിലും, ദൈവം-ആണ് അവനെ ആ സ്ഥാനത്താക്കിയത്, അതുകൊണ്ട് ആ സ്ഥാനത്തെ ബഹുമാനിക്കണം. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥരെ നാം അതുപോലെ ആദരിക്കണമെന്നാണ് പുതിയനിയമവും പറയുന്നത്, അത് അവർ പൂർണ്ണരായതുകൊണ്ടല്ല, മറിച്ച്, അവർ വഹിക്കുന്ന സ്ഥാനം നിമിത്തം (റോമർ 13:1 മുതൽ).

ഏലിയാവ് തുടർന്നു, ‘‘വലിയ മഴയുടെ മുഴക്കം ഉണ്ട് എന്നു പറഞ്ഞു’’ (വാക്യം 41). അതു ഭൗതികമായ മുഴക്കമായിരുന്നില്ല. ആകാശത്ത് മേഘമില്ലായിരുന്നു (വാക്യം 43). വിശ്വാസ ചെവിയാലായിരുന്നു ഏലിയാവ് മുഴക്കം കേട്ടത്. ദൈവം പറഞ്ഞു, ‘‘നീ ചെന്നു നിന്നെത്തന്നെ ആഹാബിന്നു കാണിക്ക, ഞാൻ ഭൂമിയിൽ മഴ പെയ്യിക്കുവാൻ പോകുന്നു’’ (വാക്യം 1). ഏലിയാവ് ദൈവത്തിന്റെ നിബന്ധന പാലിച്ചു. അപ്പോൾ മഴക്കുള്ള സമയമായി, അങ്ങനെ സംഭവിക്കുമെന്ന് ഏലിയാവ് വിശ്വസിച്ചു.

‘‘ഏലിയാവ് ഭക്ഷിച്ചു പാനം ചെയ്യേണ്ടതിന്നു മല കയറിപ്പോയി. ഏലിയാവോ കർമ്മേൽ പർവ്വതത്തിന്റെ മുകളിലേക്ക് പോയി’’ (വാക്യം 42). രണ്ടുപേരും മലകയറി, എന്നാൽ ഏലിയാവ് ഏറ്റവും ഉയരത്തിലേക്ക് പോയി. എങ്ങനെയായാലും, അവർ രണ്ടുപേരും പോയ ഉദ്ദേശങ്ങളിലെ അന്തരം ശ്രദ്ധിക്കുക. ആഹാബ് ഭക്ഷിച്ച് പാനം ചെയ്യുവാനായിരുന്നു, എലിയാവോ പ്രാർത്ഥിക്കുവാനായിരുന്നു പോയത്. ‘‘അവൻ നിലത്തു കുനിഞ്ഞു മുഖം തന്റെ മുഴങ്കാലുകളുടെ നടുവിൽ വെച്ചു’’ (വാക്യം 42). ഏലിയാവ് മുന്നോട്ട് കുനിഞ്ഞു, ദൈവമുൻപാകെ വീണു. ഈ സംഭവത്തിൽ ‘‘പ്രാർത്ഥിക്കുക’’ എന്ന വാക്ക് ഉപയോഗിച്ചിട്ടില്ല, ഏലിയാവ് പറഞ്ഞതെന്താണെന്നും നമ്മോട് പറഞ്ഞിട്ടില്ല.എന്നാൽ സന്ദർഭം വ്യക്തമാക്കുന്നത് അവൻ പ്രാർത്ഥിച്ചതായാണ്, യാക്കൊബ് പറയുന്നതു അവൻ പ്രാർത്ഥിച്ചു എന്നാണ് (യാക്കൊബ് 5).

ആ സ്ഥാനത്ത് ഞാനായിരുന്നുവെങ്കിൽ, വിശ്രമിക്കുവാൻ പോകുമായിരുന്നു, കാരണം ‘‘താമസിച്ചിരിക്കയാണ്, വളരെ താമസിച്ചിരിക്കുന്നു. എനിക്ക് നല്ല ക്ഷീണവുമുണ്ട്, എനിക്ക് ഒന്നു കിടക്കണം.’’ രാവിലെ ആ വിജയം ആഘോഷിക്കുന്നതിനെ കുറിച്ച് ആലോചിച്ച് കിടക്കുമായിരിക്കും. ഏലിയാവ് എങ്ങനെയായാലും, പ്രാർത്ഥിക്കുവാനാണ് പോയത്. ‘‘വാഗ്ദാനങ്ങളിൽ നിൽക്കുന്നു’’ എന്ന പാട്ട് നാം പാടും; ഏലിയാവ് വാഗ്ദാനങ്ങളിന്മേൽ മുട്ടിൽ നിൽക്കുകയായിരുന്നു.

‘‘അവൻ തന്റെ ബാല്യക്കാരനോട്, ‘നീ ചെന്നു കടലിന്നു നേരെ നോക്കുക; എന്നു പറഞ്ഞു’ ’’ (വാക്യം 43). ഏലിയാവിന് ഒരു ഭൃത്യനുണ്ടായിരുന്നതായി ഇത് ആദ്യമായാണ് പറയുന്നത്. അടുത്ത അദ്ധ്യായത്തിൽ അവനെ ഒരു മിന്നായം പോലെ കാണും, പിന്നെ അവൻ സംഭവത്തിൽനിന്നു മറയും. വിലയുള്ളതെന്തും, ഏലിയാവ് മരണത്തിൽനിന്നും രക്ഷിച്ച വിധവയുടെ മകനെ പോലെയാണെന്ന്, ഒരു യഹൂദപാരമ്പര്യമുണ്ട്.[1] അവൻ ആരായിരുന്നാലും, ഏലിയാവ് അവനോട്, ‘‘നീ കടലിന്നു നേരെ നോക്കുക എന്നു പറഞ്ഞു’’ ആ പ്രാർത്ഥനാ സ്ഥലത്തിൽനിന്നു പാരമ്പര്യമനുസരിച്ച്, അൽപം നടന്നാൽ, ഏതാണ്ട് പതിനഞ്ചോ ഇരുപതോ വാര ദൂരം പോയാൽ മദ്ധ്യധരണ്യാഴി കാണാവുന്നതാണ്.

‘‘അവൻ ചെന്നു നോക്കിയിട്ട് ‘ഒന്നും കാണുന്നില്ല’ എന്നു പറഞ്ഞു. അതിന്നു അവൻ ‘പിന്നെയും ഏഴു പ്രാവശ്യം ചെല്ലുക’എന്നു പറഞ്ഞു’’ (വാക്യം 43). ‘‘അത് ഒന്ന്,’’ ‘‘അത് രണ്ട്,’’ ‘‘അത് മൂന്ന്’’ എന്ന് ‘‘പോരായ്മകൾ’’ എണ്ണുന്ന ഒരു പരിശീലകനെ പോലെ ആയിരുന്നില്ല ഏലിയാവ്. മറിച്ച്, തുടർനടപടികൾക്കുള്ള നിർദ്ദേശമായിരുന്നു. ഏലിയാവ് പ്രാർത്ഥിച്ചിട്ട്, ബാല്യക്കാരനോട് പറഞ്ഞു, ‘‘പോയി നോക്കുക.’’ ബാല്യക്കാരൻ പോയി നോക്കിയിട്ട് ഒന്നും കാണുന്നില്ല എന്നു പറഞ്ഞു. ഏലിയാവ് കുറച്ചുകൂടെ പ്രാർത്ഥിച്ചിട്ട് ബാല്യക്കാരനോട്, ‘‘പോയി നോക്കുക’’ എന്നു പറഞ്ഞു. ബാല്യക്കാരൻ പോ

യി നോക്കിയിട്ട് വന്നു പറഞ്ഞു, ''ഒന്നും കാണുന്നില്ല.'' അത് അങ്ങനെ മൂന്നു, നാല്, അഞ്ചു, ആറ്, എന്നിങ്ങനെ ഏഴ് പ്രാവശ്യം തുടർന്നു.

ഏലിയാവ് പറഞ്ഞു, ''ഏഴാം പ്രാവശ്യം അവൻ [ബാല്യക്കാരൻ] ഇതാ, കടലിൽനിന്നു ഒരു മനുഷ്യന്റെ കൈ പോലെ ഒരു ചെറിയ മേഘം പൊങ്ങുന്നു എന്നു പറഞ്ഞു.'' (വാക്യം 44). അത് ഒരു മനുഷ്യന്റെ കൈപോലെ ചെറിയ മേഘമായിരുന്നു, പക്ഷെ ഏലിയാവിന് അതു മതിയായിരുന്നു.

അതിന്നു അവൻ ''നീ ചെന്നു ആഹാബിനോട്, 'മഴ നിന്നെ തടുക്കാതിരിക്കേണ്ടതിന്നു രഥം പൂട്ടി ഇറങ്ങി പോക എന്നു പറഞ്ഞു' '' (വാക്യം 44). എന്തെല്ലാം ഒരുക്കം ആവശ്യമായിരുന്നു എന്ന് എനിക്ക് തീർച്ചയില്ല. ആഹാബ് രഥത്തിന്റെ ടയർ മാറ്റേണമായിരുന്നു, അല്ലെങ്കിൽ രഥത്തിന് മുകൾ ഭാഗം മൂടണമായിരുന്നു എന്നെല്ലാം ചിലർ പറയുന്നു. മഴ വന്നുകഴിഞ്ഞാൽ കിശോൻ താഴ്‌വര വഴി യിസ്രയേലിലേക്കുള്ള യാത്ര ദുർഘടമാകുമായിരുന്നു.[2]

''ക്ഷണത്തിൽ ആകാശം മേഘവും കാറ്റും കൊണ്ട് കറുത്തു വന്മഴ പെയ്തു. ആഹാബ് രഥം കയറി യിസ്രായേലിലേക്ക് പോയി'' (വാക്യം 45). ആ മഴ വല്ലപ്പോഴും ഇടക്ക് പൊടി പോലും നനയാത്ത ചാറ്റൽ മഴയായിരുന്നില്ല, പിന്നെയോ ''വെള്ളം കുത്തിയൊഴുകുന്ന'' അല്ലെങ്കിൽ നിങ്ങളുടെ പ്രദേശത്ത് അതിനെ എന്തുപേരിൽ വിളിച്ചാലും, അതു ശക്തിയായ മഴയായിരുന്നു.

''ആഹാബ് രഥം കയറി യിസ്രായേലിലേക്ക് പോയി'' (വാക്യം 45). യിസ്രായേലിലേക്ക് ഏതാണ്ട് പതിനഞ്ചോ ഇരുപതോ മൈൽ ദൂരമാണുണ്ടായിരുന്നത്. ശമര്യ ആയിരുന്നു യിസ്രായേലിന്റെ തലസ്ഥാനം, എന്നാൽ രാജാവിന് യിസ്രായേലിലും രാജധാനിയുണ്ടായിരുന്നതിനാൽ,[3] ആഹാബ് അവിടേക്ക് പോയി.

''എന്നാൽ യഹോവയുടെ കൈ ഏലിയാവിന്മേൽ വന്നു, അവൻ അര മുറുക്കിയും കൊണ്ട്, യിസ്രായേലിൽ എത്തും വരെ ആഹാബിന്നു മുമ്പായി ഓടി'' (വാക്യം 46). ഏലിയാവ് തന്റെ വസ്ത്രത്തിന്റെ അറ്റം കൂട്ടിപ്പിടിച്ചു ബെൽറ്റിൽ തിരുകി ആഹാബിന് മുൻപ് എത്തുവാൻ ഓടുകയായിരുന്നു. ഏലിയാവ് ഒരുപക്ഷെ കുറുക്കുവഴിയിലൂടെ ഓടിക്കാണും. എന്തൊരു ദിവസം!

ഏലിയാവിന്റെ പ്രാർത്ഥനക്ക് എത്ര മനോഹരമായിട്ടായിരുന്നു മറുപടി ലഭിച്ചത്! അവന്റെ പ്രാർത്ഥനക്കു മറുപടി ലഭിച്ചതിൽ മൂന്നു ഫലങ്ങൾ ശ്രദ്ധിക്കുക:

ഒന്നാമത്, അത് ദേശത്തെ മുഴുവൻ അനുഗ്രഹിച്ചു. അത് ''ഒരു *കനത്ത* മഴയായിരുന്നു.'' കുളങ്ങളും, പുഴകളും നിറക്കുവാൻ അത് ആവശ്യമായിരുന്നു, അരുവികളും നദികളും വീണ്ടും ഒഴുകുവാൻ തുടങ്ങുകയും, ദേശത്തെ ജലനിരപ്പ് ഉയരുകയും ചെയ്തു.''അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്നു മഴ പെയ്യുകയും, ഭൂമി വിളവ് നൽകുകയും ചെയ്തു'' (യാക്കോബ് 5:18).

രണ്ടാമത്, അത് ഏലിയാവിനെ അനുഗ്രഹിച്ചു. രഥത്തിന് മുമ്പെ എത്തുവാൻ ഏലിയാവിന്എങ്ങനെ കഴിഞ്ഞു? അവൻ ആ ദിവസം മുഴുവൻ ഒന്നും ഭക്ഷിച്ചു കാണുകയില്ല, ക്ഷീണിതനായിരുന്നേക്കാം. എന്നാൽ ''യഹോവയുടെ കൈ'' ഏലിയാവിന്മേലുണ്ടായിരുന്നു എന്നാണ് വാക്യം 46 പറയുന്നത്. പ്രാർത്ഥനക്ക് അത്ര ശക്തിയുണ്ടായിരുന്നു. പ്രാർത്ഥിക്കുന്ന ആളെ അനുഗ്രഹിച്ചു, അതു മറ്റുള്ളവരെയും അനുഗ്രഹിച്ചു.

മൂന്നാമത്, അഹാബിനെ അനുഗ്രഹിക്കുന്ന ശക്തിയുണ്ടായിരുന്നു, അവൻ മുഖാന്തരം രാജ്യത്തേയും അനുഗ്രഹിച്ചു. . ഓർക്കുക, ആഹാബിന്റെ ജീവിതം അപകടത്തിലായിരുന്നു. സംഭവിച്ചതെല്ലാം അവൻ കണ്ടിരുന്നു. അവന്

രാജ്യത്തെ തിരിച്ചുകൊണ്ടുവരുവാനും, ദൈവത്തിന്റെ അഭിഷിക്തനായി പ്രവർത്തിക്കുവാനും മനോഹരവസരം കൂടെ ലഭിച്ചിരിക്കുന്നു.

ഒരു നിമിഷത്തേക്ക് നിങ്ങളെ ആഹാബിന്റെ സ്ഥാനത്ത് കാണുക. നിങ്ങൾ നിങ്ങളുടെ രഥത്തിൽ കയറി യിസ്രായേലിലേക്ക് മടങ്ങുന്നു. രാത്രി വന്നുകൊണ്ടിരിക്കുന്നു. ആകാശം മേഘങ്ങളാൽ കറുത്തിരുണ്ടു. നിങ്ങൾക്ക് കഷ്ടിച്ചു കാണാമെന്നു മാത്രം. മഴ പെയ്തു തുടങ്ങി, നിങ്ങളുടെ രാജകിയ വസ്ത്രം നനയുവാൻ തുടങ്ങി. യാഥാർത്ഥ്യം തിരിച്ചറിയത്തക്കവണ്ണം നിങ്ങളുടെ മുഖത്തേക്ക് മഴത്തുള്ളികൾ തെറിച്ചു വീഴുന്നു. സംഭവിച്ചതെല്ലാം നിങ്ങളുടെ മനസിലേക്ക് കടന്നുവരുന്നു. പെട്ടെന്ന് ഒരു വന്യ ജീവിയെ പോലെ ഏലിയാവ് വരികയും, താൻ പറയാതെ ദേശത്ത് മഴ പെയ്യുകയില്ല എന്നു പറയുകയും, പിന്നെ ഭൂമിയിൽനിന്നു അപ്രത്യക്ഷമാകുകയും ചെയ്തു. അങ്ങനെ മൂന്നര – വർഷം ഭൂമിയിൽ മഴ പെയ്തില്ല. പിന്നെ അവൻ പ്രത്യക്ഷനായി, എല്ലാവരേയും കർമ്മേൽ പർവ്വതത്തിൽ കൂട്ടിവരുത്തുവാൻ പറഞ്ഞു. അതുപോലെയുള്ള ഒരനുഭവം നിങ്ങൾക്ക് ഒരിക്കലും ഉണ്ടായിട്ടില്ല: സ്വർഗത്തിൽനിന്നു തീ ഇറങ്ങി, ആളുകൾ നിലവിളിച്ചു, ബാലിന്റെ 450 പ്രവാചകന്മാരെ കൊന്നുകളഞ്ഞു. ''ഞാൻ എന്തു ചെയ്യും?'' എന്നു നിങ്ങൾ വിചാരിക്കും.

അപ്പോൾ യാദൃശ്ചികമായി അടി കിട്ടിയതുപോലെ നിങ്ങളുടെ ചിന്തയെ തടസപ്പെടുത്തുന്നു. ആ ഇരുട്ടിൽ എവിടെനിന്നോ ആ വന്യജീവിയെ പോലെയുള്ള ആൾ പ്രത്യക്ഷനാകുന്നു. അവന്റെ മുടിയിൽ കൂടെയും കാലുകളിൽ കൂടെയും മഴവെള്ളം ഒഴുകുന്നു. അവൻ നിങ്ങളെ ഒന്നു നോക്കിയിട്ടു ഇരുട്ടിൽ അപ്രത്യക്ഷമാകുന്നു – നിങ്ങൾ കഴിവതും വേഗത്തിൽ നിങ്ങളുടെ തേർ തെളിക്കുവാനാവശ്യപ്പെടും!

അതെല്ലാം ആഹാബിന്റെ മനസിൽ എന്തെല്ലാം ചലനങ്ങളുണ്ടാക്കിയിരിക്കും എന്നു നിങ്ങൾക്ക് ഊഹിക്കാം!

ഏലിയാവ് യിസ്രായേലിന്റെ പട്ടണവാതിൽക്കൽ എന്തു സംഭവിക്കുമെന്നറിയുവാൻ കാത്തിരുന്നു കാണും. ജനങ്ങൾ ഇപ്പോൾ മുഴുവനായും തിരിഞ്ഞു കാണുമെന്നു വിശ്വസിക്കുവാൻ എല്ലാ കാരണങ്ങളുമുണ്ട്. സർവ്വശക്തനായ ദൈവത്തിന്റെ സഹായത്താൽ ഏലിയാവിന് ബാലിസത്തിന്റെ ചിറകൊടിക്കുവാൻ കഴിഞ്ഞു.

ആ സംഭവം നമ്മെ പഠിപ്പിക്കുന്നതെന്താണ്? ദൈവം പ്രാർത്ഥനക്കു മറുപടി നൽകുമെന്നും, പ്രാർത്ഥനക്കു *ശക്തി*യുണ്ടെന്നും ഉള്ള പാഠമാണ് യാക്കൊബ് നമ്മെ പഠിപ്പിക്കുന്നത്: ''നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന *വളരെ* ഫലിക്കും'' (യാക്കൊബ് 5:16; എംഫസിസ് മൈൻ). ആ മൂന്നു ശക്തമായ വാക്കുകൾ ശ്രദ്ധിക്കുക: ''നീതിമാന്റെ'' ''ശ്രദ്ധയോടുകൂടിയ'' പ്രാർത്ഥന ''വളരെ ഫലിക്കും'': പ്രാർത്ഥനക്കു വളരെ ഫലങ്ങളുണ്ട്. പ്രാർത്ഥനയുടെ ശക്തിക്ക് തെളിവു നൽകുന്നതാണ് യാക്കൊബിന്റെ അടുത്ത രണ്ടു വാക്യങ്ങൾ:

> ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കേണ്ടതിന്നു അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവൽസരവും ആറു മാസവും ദേശത്ത് മഴ പെയ്തില്ല. അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ, ആകാശത്തു നിന്നു മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു (യാക്കൊബ് 5:17, 18).

ദൈവം ഏലിയാവിന്റെ പ്രാർത്ഥനക്കു മറുപടി നൽകി (അന്തർലീനമാക്കി) നിങ്ങളുടേയും എന്റേ*യും* പ്രാർത്ഥനക്ക് അവൻ മറുപടി നൽകും. നാം ഈ പാഠം പഠിക്കണം - നാം അത് നമ്മുടെ മക്കളെ പഠിപ്പിക്കയും വേണം.

ഏതൊരപ്പനും സ്വീകരിക്കാവുന്ന വിധത്തിൽ ഒരു പ്രാർത്ഥനാ ക്രമം കുട്ടികളെ പഠിപ്പിക്കുന്നതിന് ഉപയോഗിച്ചതായി പറയപ്പെടുന്നു. അയാൾക്ക് ആദ്യ കുട്ടി ജനിച്ചപ്പോൾ, അയാളും അയാളുടെ ഭാര്യയും ഒരു ചെറിയ നോട്ബുക്ക് വാങ്ങി. ആ ബുക്കിന്റെ ഒരു വശത്ത് ''നാം ചോദിക്കുക'' എന്നും മറുവശത്ത്, ''അവൻ ഉത്തരം വൽകും'' എന്നും എഴുതി. വർഷങ്ങളായുള്ള അവരുടെ ഓരോ ദിവസവുമുള്ള ധ്യാനത്തിൽ പ്രാർത്ഥനാ വിഷയങ്ങളെല്ലാം അതിനടിയിലെഴുതി വെക്കും ''നാം ചോദിക്കുക''. ഉത്തരം ലഭിക്കുമ്പോൾ ''അവൻ മറുപടി നൽകും'' എന്നതിന്റെ താഴെ എഴുതി വെക്കും. ദൈവം എല്ലാ പ്രാർത്ഥനക്കും മൂന്നു വിധത്തിലാണ് ഉത്തരം നൽകുന്നത്: ''ഉവ്വ്,'' ''ഇല്ല,'' ''അൽപം കാത്തിരിക്കുക'' എന്ന രീതിയിലാണെന്ന് അദ്ദേഹം ഊന്നൽ നൽകിയിരുന്നു.

''ഉവ്വ്'' എന്ന വിധത്തിൽ ദൈവം വ്യക്ത-മായി ഉത്തരം നൽകുന്നത്, ഏലിയാവിനെ പോലെ തന്നെ, അത് ആവേശകരമാണ്. പ്രാർത്ഥനക്ക് നോട്ബുക്ക് ഉപയോഗിച്ചയാൾ ''ഉവ്വ്'' എന്നതിന് ഒരു ചിത്രീകരണം നൽകുകയുണ്ടായി. ഒരാൾ തന്റെ ബിസിനസ് നഷ്ടത്തിലായതിനാൽ അതു വിന്നു മുഴുവൻ സമയ സുവിശേഷ വേലക്കിറങ്ങി. സാമ്പത്തികമായി അയാൾ ബുദ്ധിമുട്ടിലായി. ഒരു വൈകുന്നേരത്തെ കുടുംബപ്രാർത്ഥനയിൽ, അദ്ദേഹത്തിന്റെ ആൺകുട്ടികളിൽ ഇളയവൻ ടിമ്മി വന്ന് ചോദിച്ചു, ''ഡാഡി, ദൈവത്തോട് ഒരു ഷർട്ട് ചോദിച്ചാൽ ഇഷ്ടമാകുമോ?''

''തീർച്ചയായും, ഇഷ്ടമാകാതിരിക്കയില്ല,'' എന്ന് അപ്പൻ മറുപടി പറഞ്ഞു.

ആ ചെറിയ പ്രാർത്ഥനാ പുസ്തകത്തിൽ അവർ എഴുതി: ''ടിമ്മിക്ക് ഒരു ഷർട്ട്'' അമ്മ അൽപം പ്രായോഗികമായി ചിന്തിച്ചു പറഞ്ഞു, ''സൈസ് 7'' ഓരോ ദിവസവും പ്രാർത്ഥിക്കുമ്പോൾ, ടിമ്മി ഷർട്ടിന്റെ കാര്യം ഓർപ്പിക്കും. ആഴ്ച്ചകളോളം അവർ വൈകുന്നേരമെല്ലാം ആ വിഷയവും പ്രാർത്ഥിക്കും.

ഒരു ദിവസം, ഡള്ളാസിൽ ഒരു ഡിപ്പാർട്ട്മെന്റ് സ്റ്റോർ നടത്തുന്ന ഒരു ക്രിസ്ത്യാനിയിൽനിന്ന് അമ്മക്ക് ഒരു ഫോൺ കാൾ വന്നു. അദ്ദേഹം പറഞ്ഞു, ''ഞങ്ങളുടെ കടയിലെ സ്റ്റോക്ക് തീർക്കുവാനുള്ള വിൽപന ഇപ്പോൾ കഴിഞ്ഞതേയുള്ളു. നിങ്ങൾക്ക് നാല് ആൺകുട്ടികളുള്ളതിനാൽ, അവർക്ക് പനിയ ഷർട്ടുകൾ ഉണ്ട്. നിങ്ങളുടെ ആൺകുട്ടികൾ അത് ഉപയോഗിക്കുമോ?'' എന്നു ചോദിച്ചു.

അമ്മ ചോദിച്ചു, ''സൈസ് എത്രയാണ്?''

''സൈസ് 7'' ആണ്.

അമ്മ പിന്നെയും ചോദിച്ചു, ''എത്ര എണ്ണമുണ്ട്?''

ബിസിനസുകാരൻ പറഞ്ഞു, ''ഞങ്ങളുടെ കൈവശം പന്ത്രണ്ട് എണ്ണമുണ്ട്.''

അന്നു രാത്രി, സാധാരണപോലെ, ടിമ്മി പറഞ്ഞു, ''എന്റെ ഷർട്ടിന്റെ കാര്യം പ്രാർത്ഥിക്കുവാൻ മറക്കരുത്.''

അമ്മ നോട്ബുക്ക് തുറന്നു, പുഞ്ചിരിയോടെ ''ഉവ്വ്'' എന്നെഴുതി, പറഞ്ഞു, ''ടിമ്മി, ഇനി നീ ഷർട്ടിനു വേണ്ടി പ്രാർത്ഥിക്കണ്ട, ദൈവം നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു.''

''അവന്?''

''ഉവ്വ്.''

അവന്റെ സഹോദരന്മാരിൽ ഒരാൾ പോയി ഷർട്ടുകൾ കൊണ്ടുവന്നു. ആദ്യം ഒന്നു കൊണ്ടുവന്ന് മേശപ്പുറത്തിട്ടു. ടിമ്മിക്കു വിശ്വസിക്കുവാൻ കഴിയുന്നില്ല. സഹോദരൻ പോയി വേറൊന്നു കൊണ്ടുവന്ന് മേശപ്പുറത്തിട്ടു. അതു കണ്ടപ്പോൾ അവന്റെ കണ്ണു തള്ളിപ്പോയി. സഹോദരൻ പോയി ഓരോന്നായി എടുത്തുകൊണ്ടു വന്ന് പന്ത്രണ്ണം കൂട്ടിയിട്ടതു കണ്ടപ്പോൾ, ദൈവം ഷർട്ട് ബിസിനസ് തുടങ്ങിയിരിക്കുമെന്നു വിചാരിച്ചുകാണും. സ്വർഗത്തിൽ ദൈവം ഇല്ല എന്നോ, കുട്ടികളുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റുകയില്ല എന്നോ ഇനി ആ ചെറുപ്പക്കാരനെ ആരെല്ലാം ബോധ്യമാക്കുവാൻ ശ്രമിച്ചാലും നടക്കുകയില്ല.

നമ്മുടെ പ്രാർത്ഥനകൾ ദൈവം എല്ലായ്പ്പോഴും ''ഉവ്വ്'' എന്നു പറയുകയില്ല. ഏലിയാവിന്റെ അടുത്ത രേഖപ്പെടുത്തിയിരിക്കുന്ന പ്രാർത്ഥനക്ക് ദൈവം ''ഇല്ല'' എന്നാണ് മറുപടി നൽകിയത്. ''ഉവ്വ്'' എന്നതു പ്രാധാന്യമുള്ളതു പോലെ പ്രാധാന്യമുള്ളതാണ് ''ഇല്ല'' എന്നതും എന്ന് നമ്മളും – നമ്മുടെ മക്കളും മനസിലാക്കേണ്ടതാണ്. ദൈവം ''ഇല്ല'' എന്നും പ്രാർത്ഥനക്കു മറുപടി നൽകും എന്നതിന്, പ്രാർത്ഥനക്ക് ചെറുപുസ്തകം സൂക്ഷിച്ച മനുഷ്യൻ ഒരു ചിത്രീകരണം നൽകുന്നു. അദ്ദേഹവും ഭാര്യയും ഒരു കുട്ടി കൂടെ വേണമെന്ന് ദൈവത്തോട് അപേക്ഷിച്ചു. ആ കുഞ്ഞിന്റെ ജനനസമയത്തു തന്നെ ദൈവം പ്രത്യക്ഷമായി അതിനു മറുപടി നൽകി. ആ കുഞ്ഞ് ജീവനില്ലാതെയാണ് പുറത്തു വന്നത്. അപ്പൻ വീട്ടിൽ ചെന്നപ്പോൾ, നാല് ആൺകുട്ടികളും വാതിൽക്കൽ ഉണ്ടായിരുന്നു. ''ഡാഡി! കുട്ടി ആണോ പെണ്ണോ?'' അവൻ ആ കുട്ടികളെ വിളിച്ചുകൊണ്ടുപോയി ആ ചെറിയ നോട്ട്ബുക്ക് എടുത്ത് അതിൽ ''ഇല്ല'' എന്നെഴുതി. പിന്നീട് അദ്ദേഹം അതു വിശദമാക്കി കൊടുത്തു: ''പ്രാർത്ഥന എന്ന വിഷയത്തെ കുറിച്ച് നിങ്ങൾ ധാരാളം പ്രസംഗം കേൾക്കുന്നതിനേക്കാൾ ഇതുപോലെയുള്ള ഒരനുഭവം നിങ്ങളോട് അധികം ആശയവിനിമയം നടത്തുന്നു.''

## പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ രഹസ്യം

*എന്തുകൊണ്ടാണ്* ഏലിയാവിന്റെ പ്രാർത്ഥനക്കു ദൈവം മറുപടി നൽകിയത് എന്നു നോക്കാം; ''പ്രാർത്ഥനക്കു മറുപടി ലഭിക്കുന്നതിന്റെ രഹസ്യം'' എന്നതാണ് നമ്മുടെ വിഷയം. ക്രമേണ, നാം അതു ചുരുക്കി ഒരു കാര്യത്തിലേക്കു കൊണ്ടുവരുന്നു. എങ്ങനെയായാലും, അതിനു മുൻപ്, നമുക്ക് ശക്തമായി പ്രാർത്ഥിച്ചിരുന്ന ആ മനുഷ്യന്റെ സ്വഭാവവിശേഷത നോക്കാം:

ആദ്യമായി, അവൻ വിശ്വാസമുള്ള മനുഷ്യനായിരുന്നു. ''വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുക'' എന്നാണ് യാക്കോബ് പറയുന്നത് (യാക്കൊബ് 1:6). ദൈവം മഴ വാഗ്ദാനം ചെയ്തപ്പോൾ, ഏലിയാവിന്റെ മനസിൽ സംശയം ഒന്നുമില്ലായിരുന്നു. അവൻ ''വലിയ മഴയുടെ മുഴക്കം കേട്ടു'' (വാക്യം 41). ഇത് നമ്മെ, ലാസറിനെ ഉയർപ്പിക്കുന്നതിനു *മുൻപ്* പ്രാർത്ഥിച്ച യേശുവിനെയാണ് ഓർപ്പിക്കുന്നത്, ''പിതാവേ, നീ എന്റെ അപേക്ഷ കേട്ടതിനാൽ [*അതായത്.*, കേട്ടുകഴിഞ്ഞതിനാൽ] ഞാൻ നിന്നെ വാഴ്ത്തുന്നു'' (യോഹന്നാൻ 11:41).

രണ്ടാമതായി, അവൻ ദൈവത്തിൽ ആശ്രയം വെച്ചവനായിരുന്നു.

ഇതിനെ കുറിച്ചു ചിന്തിക്കുക: ദൈവം മഴ വാഗ്ദാനം ചെയ്തു. ഏലിയാവ് തന്റെ വിശ്വാസ ചെവിയാൽ മഴയുടെ ശബ്ദം കേട്ടു. പിന്നെ എന്തിനാണ് ഏലിയാവ് പ്രാർത്ഥിച്ചത്? നമ്മുടെ ''ജീവിതത്തിലെ ആവശ്യങ്ങൾ നിറവേന്ദ്വാ മെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുമ്പോൾ, പിന്നെ നാം എന്തിനാണ് പ്രാ ർത്ഥിക്കുന്നത്?'' (മത്തായി 6:33). നാം മാനസാന്തരപ്പെട്ടുകഴിഞ്ഞാൽ ക്ഷമി ക്കാമെന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കയാൽ പിന്നെ എന്തിനാണ് നാം പാപക്ഷമാപണത്തിന് പ്രാർത്ഥിക്കുന്നത്? ഉത്തരം എന്തെന്നാൽ അവൻ പ്രാ ർത്ഥിക്കുവാൻ ദൈവം *ആഗ്രഹിച്ചിരുന്നു* എന്നതാണ് - മഴ സ്വർഗിയമായ അനുഗ്രഹമാണെന്ന് അവനെ ബോധ്യമാക്കേണ്ടതുണ്ടായിരുന്നു - ദൈവപദ്ധ തിക്കു യോജിച്ച മനുഷ്യനായിരുന്നു ഏലിയാവ്. അതുപോലെ, എല്ലാ അനു ഗ്രഹങ്ങളും ദൈവത്തിൽനിന്നാണ് വരുന്നത് എന്നു നമ്മെ ഓർപ്പിക്കുന്നതിനു ം, നാം അവനിൽ ആശ്രയിക്കയും വേണം.

നിങ്ങളുടെ ബൈബിളിനുള്ളിൽ ഒരു കടലാസിൽ എഴുതി വെക്കുവാൻ പ്രാധാന്യമുള്ള വാക്കുകൾ ഇതാ: ''ഞാൻ പരിശ്രമിക്കുമ്പോൾ, ഞാൻ പരാ ജയപ്പെടുന്നു. ഞാൻ ആശ്രയിക്കുമ്പോൾ, *അവൻ* വിജയിക്കുന്നു.''

മൂന്നാമതായി, ദൈവത്തോട് സംസാരിക്കുവാൻ സമയം കണ്ടെത്തിയ മനുഷ്യനായിരുന്നു അവൻ. അതു തിരക്കുള്ള ദിവസമായിരുന്നു, എങ്കിലും ഏലിയാവ് ദൈവത്തോട് സംസാരിച്ചു. മർക്കൊസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം പരിഗണിക്കുക. കർത്താവിന്റെ ജീവിതത്തിലെ അമ്പത്തി-രണ്ടു ദിവസത്തെ കാര്യങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്, അവയിൽ വളരെ തിരക്കുള്ള ഒന്നാണ് മർക്കൊസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായ ത്തിലുള്ളത്. ഉപദേശം, പ്രസംഗം, സൗഖ്യമാക്കൽ എന്നിവയാൽ ആ ദിവസം അവന് തിരക്കുള്ളതായിരുന്നു. വാക്യം 35-ൽ-തുടരുന്നത് ശ്രദ്ധിക്കുക: ''അതി കാലത്ത് ഇരുട്ടോടെ അവൻ എഴുന്നേന്ദ്വ പുറപ്പെട്ട് ഒരു നിർജ്ജനസ്ഥലത്തു ചെന്നു പ്രാർത്ഥിച്ചു.'' യേശു വളരെ ക്ഷീണിതനായിരുന്നു, എങ്കിലും അവൻ പ്രാർത്ഥിക്കുവാൻ സമയം കണ്ടെത്തിയിരുന്നു.

നാം പ്രാർത്ഥിക്കുവാൻ സമയം ചെലവിടണം. ധാരാളം അംഗങ്ങളുള്ള ഒരു കുടംബനാഥ, ദൈവവുമായി സമയം ചെലവഴിക്കുവാൻ, പ്രാർത്ഥ നക്കായി ക്ലോസെന്ദ്വി-ലേക്കു പോകു-മായിരുന്നു. അതിനെ ''പ്രാർത്ഥനാ ക്ലോസെന്ദ്'' എന്നു വിളിക്കുന്നു.

നാലാമതായി, താഴ്മയുള്ളവനായിരുന്നു. അവൻ സ്വർഗത്തിൽനിന്നു തീയിറക്കി ആയിരക്കണക്കിന് ആളുകളെ ഭ്രമിപ്പിച്ചവൻ, എന്നാൽ അവനി ൽ ആ നിഗളമൊന്നുമില്ല. മറിച്ച്, പ്രപഞ്ചത്തിൻ സൃഷ്ടികർത്താവിന്റെ മുൻപി ൽ അവൻ മുട്ടുമടക്കി താഴ്മയോടെ നിൽക്കുന്നു.''ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യും'' (യാക്കൊബ് 4:6). സങ്കീർത്തനക്കാരൻ എഴുതി, ''യഹോവേ, നീ സാധുക്ക ളുടെ അപേക്ഷ കേട്ടിരിക്കുന്നു'' (സങ്കീർത്തനങ്ങൾ 10:17).

അഞ്ചാമതായി, അവൻ മന്ദ്വള്ളവരെ കുറിച്ച് വിചാരിക്കുന്നവനായിരുന്നു; അവൻ നിസ്വാർത്ഥനായിരുന്നു. അവൻ തനിക്കു വേണ്ടിയായിരുന്നില്ല പ്രാ ർത്ഥിച്ചത്, പിന്നെയോ കഷ്ടപ്പെടുന്ന ദേശത്തിനു വേണ്ടിയായിരുന്നു. അവൻ തന്റെ വിളവിനോ, മൃഗങ്ങൾക്കോ, കുടുംബത്തിനോ വേണ്ടിയായിരുന്നില്ല പ്രാർത്ഥിച്ചത്, മന്ദ്വള്ളവരുടെ വിളവിനും, മൃഗങ്ങൾക്കും കുടുംബത്തിനും വേണ്ടിയായിരുന്നു. യാക്കൊബ് മുന്നറിയിക്കുന്നു, ''നിങ്ങൾ യാചിക്കുന്നു

വെങ്കിലും, നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചിക്ക കൊണ്ട് ഒന്നും ലഭിക്കുന്നില്ല'' (4:3).

ആറാമതായി, അവൻ പ്രാർത്ഥനയിൽ ഉത്സിരിക്കുന്നവനായിരുന്നു. ''കെജെ വിയിൽ ... നീതിമാന്റെ *ഊർജ്ജസ്വലമായ* പ്രാർത്ഥന വളരെ ഫലിക്കും'' എന്നാണ് (യാക്കൊബ് 5:16; എംഫസിസ് മൈൻ). ഏലിയാവിന്റെ പ്രാർത്ഥനയെ കുറിച്ച് ഏലിയാവ് ഈ വിശദീകരണം നൽകുന്നു: ''അവൻ *ശ്രദ്ധയോടെ* പ്രാർഥിച്ചു'' (യാക്കൊബ് 5:17; എംഫസിസ് മൈൻ). ഗ്രീക്കിൽ പറയുന്നു, ''അവൻ പ്രാർത്ഥനയോടെ യാചിച്ചു.'' അത് എബ്രായരുടെ തീവ്രത കാണിക്കുകയാണ്. നാം ഇഷ്ടമുള്ള വാക്കുകളും, പ്രിയപ്പെട്ട പ്രയോഗങ്ങളും, ചടങ്ങുകളും പ്രാർത്ഥനക്കായി ഉപയോഗിക്കും. എങ്ങനെയായാലും, ഏലിയാവ് പ്രാർത്ഥനയോടുകൂടി പ്രാർത്ഥിച്ചു! പൗലൊസും അതേ പ്രയോഗം നടത്തിയിട്ടുണ്ട്. എഫെസ്യർ 6:18 പറയുന്നു, ''സകല പ്രാർത്ഥനയാലും, യാചനയാലും, ഏതു നേരത്തും ... പ്രാർത്ഥിച്ചും.''

ഏഴാമതായി, അവൻ പ്രാർത്ഥന തുടർന്നിരുന്നു. മഴ പെയ്യേണ്ടതിന് ഏലിയാവ് ഏഴു പ്രാവശ്യം പ്രാർത്ഥിച്ചു. മുൻപ് അവൻ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ച്, ഒരാൺകുട്ടിയെ ഉയർപ്പിച്ചു. സ്വർഗത്തിൽനിന്നു തീ ഇറങ്ങുവാൻ അവന് ഒരു പ്രാവശ്യം മാത്രമേ പ്രാർത്ഥിക്കേണ്ടി വന്നുള്ളു. ഈ അവസരത്തിൽ, അവൻ ഒരു പ്രാവശ്യം പ്രാർത്ഥിച്ചു, പക്ഷെ ഒന്നും സംഭവിച്ചില്ല. അവൻ മൂന്നു പ്രാവശ്യം പ്രാർത്ഥിച്ചു – ഓരോ പ്രാവശ്യവും മരിച്ചവൻ ഉയർക്കേണ്ടതിനായിരുന്നു – പക്ഷെ ഓരോ പ്രാവശ്യവും ഒന്നും സംഭവിച്ചില്ല! അതു അവനെ നിരാശപ്പെടുത്തിയിരിക്കാം; ''ഈ സമയത്ത് ദൈവം അതിനു 'ഇല്ല' എന്നു പറയുന്നതു എനിക്ക് ഊഹിക്കാം.'' എങ്ങനെയായാലും, ഏലിയാവ് പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു, അവസാനം ദൈവം മറുപടി നൽകി. തന്റെ ശിഷ്യന്മാരെയും പ്രാർത്ഥനയിൽ സ്ഥിരത കാണിപ്പാൻ പ്രോൽസാഹിപ്പിച്ചിരുന്നു. അതു ചിത്രീകരിച്ച് ഒരു ഉപമയും അവൻ അവരോട് പറഞ്ഞു, ''മടുത്തുപോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നു വെച്ചാണ് ഈ ഉപമ പറഞ്ഞത്'' (ലൂക്കൊസ് 18:1). ''പ്രാർത്ഥനയിൽ ഉത്സിരിപ്പിൻ'' എന്നാണ് പൗലൊസ് പറഞ്ഞത് (കൊലൊസ്യർ 4:2).

അവയെല്ലാം മനസിൽ വെച്ചുകൊണ്ട് നമുക്ക് പ്രാർത്ഥനക്കു മറുപടി ലഭിക്കുന്നതിന്റെ ''രഹസ്യ'' മെന്തെന്നു നോക്കാം.

നാം ഓരോരുത്തരും കരുതുന്നതുപോലെ ''രഹസ്യം'' ഇംഗ്ലീഷിലെ മൂന്നു ''എൽ'' കളി*ലില്ല*: ''ലെങ്ത്, ലാംഗ്വേജ്, ലൗഡ്നെസ്'' ചിലർ പറയും, ''എനിക്ക് പ്രാർത്ഥിക്കുവാൻ കഴിയുകയില്ല,'' വേറെ ചിലർ പറയും, ''എനിക്ക് നീണ്ട (ദൈർഘ്യം) പ്രാർത്ഥന പണുകയില്ല. ''മറ്റുള്ളവർ ഉപയോഗിക്കുന്ന വാക്കുകൾ (ഭാഷ) എനിക്ക് വരികയില്ല'' എന്ന് ഇനിയുമൊരു കൂട്ടർ പറയും. അതുമല്ലെങ്കിൽ, ''എനിക്ക് നാണമാണ്'' ''ഞാൻ പ്രാർത്ഥിച്ചാൽ എല്ലാവരും കേൾക്കുകയില്ല'' (ഒച്ച).

അല്ല അതൊന്നുമല്ല ''രഹസ്യം''. യാക്കൊബിന്റെ പ്രസ്താവന ഒരിക്കൽകൂടെ ശ്രദ്ധിക്കു: ''*നീതിമാന്റെ ശ്രദ്ധയോടുകൂടിയ* പ്രാർത്ഥന വളരെ ഫലിക്കും'' (5:16; എംഫസിസ് മൈൻ) ''രഹസ്യം'' എന്ന വാക്ക് ഞാൻ ഉപയോഗിച്ചത് (നമ്മുടെ ഭാഷ – യെ – പരിശോധിക്കേണ്ടതിനാണ്), അത് ''നീതിമാന്റേതാണ്.'' ''രഹസ്യം'' എന്നതു ദൈവത്തോടുള്ള *ശരിയായ ബന്ധമാണ്.*

സ്വീകാര്യമായ പ്രാർത്ഥനയെ കുറിച്ച് പഠിക്കുന്നതു വിലയുള്ള കാര്യമാണ്. പ്രാർത്ഥനയുടെ പ്രാധാന്യത്തെ കുറിച്ചെല്ലാം നമുക്ക് പഠിക്കാം, എന്നാൽ

നാം ഏതു വിധത്തിലുള്ളവരായാലാണ് പ്രാർത്ഥന കേൾക്കുന്നത് എന്നതാണ് മുഖ്യമായ കാര്യം. അടിവരയിടേണ്ട വാക്കാണ് ''നീതിമാൻ.'' നമ്മുടെ ആവശ്യകത എന്തെന്നാൽ നാം ദൈവത്തോട് നിരന്നു ദൈവത്തോട് ശരിയായിരിക്കുക എന്നതാണ്!

നാം ഏലിയാവിനെ ഒരു പ്രാർത്ഥനാ മനുഷ്യനായും – അവന്റെ പ്രാർത്ഥനയുടെ അത്യത്ഭുത ഫലങ്ങളെ കുറിച്ചും ചിന്തിക്കുമ്പോൾ – നമുക്ക് അതുപോലെയുള്ള പ്രാർത്ഥനാ ജീവിതം ഇല്ലായിരുന്നു എന്നു തോന്നും. ശക്തമായ പ്രാർത്ഥനക്ക് ഉദാഹരണമായി യാക്കോബ് പറയുന്നത് ഒരിക്കൽ കൂടെ ശ്രദ്ധിക്കുക. ഏലിയാവ് ''ഒരു പ്രവാചകനായിരുന്നു'' എന്നോ അല്ലെങ്കിൽ ''അത്ഭുത പ്രവർത്തകനെന്നോ അല്ല യാക്കോബ് പറഞ്ഞത്'', പകരം, അവൻ പറയുന്നു, ''ഏലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യനായിരുന്നു'' (യാക്കോബ് 5:17). ഏലിയാവ് മുടി വെട്ടി, മുഖം വടിച്ച്, നമ്മെ പോലെ വസ്ത്രം ധരിച്ച് ആൾക്കൂട്ടത്തിലിരുന്നാൽ മന്വുള്ളവരിൽനിന്നു വ്യത്യാസമുള്ളവനായി അവനെ കാണുവാൻ സാധ്യമല്ല.

എന്തുകൊണ്ട് അവന്റെ പ്രാർത്ഥനകൾക്ക് ഉത്തരം ലഭിച്ചു? നമുക്ക് കഴിഞ്ഞിട്ടില്ലാത്ത ചില സ്വഭാവവിശേഷതകൾ അവനുണ്ടായിരുന്നതു നിമിത്തമായിരുന്നില്ല. മറിച്ച് അവൻ ആകേണ്ടിയിരുന്നതുപോലെ ആയി എന്നതുകൊണ്ടായിരുന്നു.

ഏലിയാവ് ഇങ്ങനെയാണ് പറഞ്ഞത്: ''ഞാൻ നിൽക്കുന്നത് ദൈവമുൻപാകെയാണ്'' (1 രാജാക്കന്മാർ 17:1; 18:15). അവൻ എല്ലായ്പോഴും ദൈവമുൻപാകെ ആയിരുന്നു. അവൻ പ്രാർത്ഥിച്ചപ്പോൾ, വിജയകരമായ പ്രാർത്ഥനക്കുള്ള പടികളൊന്നുമില്ലായിരുന്നു, അല്ലെങ്കിൽ സ്വീകാര്യമായ പ്രാർത്ഥനക്ക് പതിനഞ്ചിന ആവശ്യങ്ങളുമില്ലായിരുന്നു. മറിച്ച്, തന്റെ ജീവിതം സമർപ്പിച്ച ദൈവത്തോട്, അവൻ സംസാരിക്കുകയായിരുന്നു.

ദൈവം അവന്റെ പ്രാർത്ഥനക്കു മറുപടി നൽകി.

## ഉപസംഹാരം

ദൈവത്തോട് എന്തു ബന്ധമാണ് നിങ്ങൾക്കുള്ളത്? എനിക്ക് എന്തു ബന്ധമാണുള്ളത്? ''സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ'' എന്നു വാസ്തവത്തിൽ നമുക്ക് പ്രാർത്ഥിക്കുവാൻ കഴിയുന്നുണ്ടോ? (മത്തായി 6:9). ചില ആളുകൾ കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിലെ വാക്കുകൾ ചൊല്ലി, കർത്താവിന്റെ പ്രാർത്ഥന എന്നു പറയാറുണ്ട്. പക്ഷെ വാസ്തവത്തിൽ ''നമ്മുടെ പിതാവേ, ...'' എന്നു സംബോധന ചെയ്യുവാൻ നമുക്ക് അവകാശമുണ്ടോ? നാം വിശ്വസിച്ച്, പാപങ്ങളെ വിട്ട് സ്നാനപ്പെട്ടില്ലെങ്കിൽ, നാം ദൈവത്തിന്റെ മക്കൾ ആകുന്നില്ല (യോഹന്നാൻ 3:3–5; ഗലാത്യർ 3:26, 27).

ചിലപ്പോൾ ആളുകൾ പറയും, ''ക്രിസ്ത്യാനിയാകുവാനായി എന്റെ ജീവിതം സമർപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല.'' അവർ അങ്ങനെ പറയുമ്പോൾ, അവരുടെ ആത്മാക്കളെയാണ് നിത്യമായ നാശത്തിലേക്ക് തള്ളിവിടുന്നത്. എങ്ങനെയായാലും, തൽഫലമായി അവർ ദൈവത്തിൽനിന്നുള്ള ബന്ധം വിഛേദിക്കുകയാണ്. ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന കുഴപ്പങ്ങൾ നോക്കുക. അത്തരം പ്രശ്നങ്ങൾ നേരിടുമ്പോൾ, ദൈവത്തിന്റെ അടുക്കലേക്ക് പോകുവാൻ സാധ്യമല്ല എന്നതു ഭയങ്കരമായ അവസ്ഥയല്ലേ?

നേരെ മറിച്ച്, നിങ്ങൾ വചനപ്രകാരം സ്നാനം ഏന്വു കഴിഞ്ഞുവെങ്കിൽ,

അവന്റെ മകൻ അല്ലെങ്കിൽ മകൾ എന്ന നിലയിൽ നിങ്ങൾക്ക് ദൈവത്തോടുള്ള ബന്ധം എങ്ങനെയിരിക്കുന്നു? നിങ്ങൾ വിശ്വസ്തനായ ദൈവപൈതലാണോ? നാം ചിലപ്പോൾ യോഹന്നാൻ 9:31 ഉദ്ധരിക്കും, ''പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല'' എന്ന് നാം പാപത്തിൽ ജീവിക്കുന്നവരെ കുറിച്ചു പറയും. എങ്ങനെയായാലും, അത് അവിശ്വസ്തരായ ദൈവമക്കളെ കുറിച്ചാണ് പറയുന്നത്. കുരുടനായ മനുഷ്യൻ പഴയനിയമ വേദഭാഗമായ സങ്കീർത്തനങ്ങൾ 66:18 മുതലായ വേദഭാഗമാണ് ഉദ്ധരിച്ചത്: ''ഞാൻ എന്റെ ഹൃദയത്തിൽ അകൃത്യം കരുതിയിരുന്നുവെങ്കിൽ, കർത്താവ് കേൾക്കയില്ലായിരുന്നു.'' ദൈവത്തിങ്കലേക്ക് വരാതിരിക്കുന്നത് എത്ര അപകടകരമാണ്! നിങ്ങളുടെ ജീവിതം ശരിയല്ലെങ്കിൽ, നിങ്ങൾക്ക് അവന്റെ അടുക്കൽ വരുവാൻ സാധ്യമല്ല.

പ്രാർത്ഥനക്കുത്തരം നൽകുന്ന ''രഹസ്യത്തിന്'' ''നീതിമാനായ'' പുരുഷനും, ''നീതിമതിയായ'' സ്ത്രീയും, ''നീതിമാനായ'' യുവാവും ''നീതിമതിയായ'' യുവതിയും ആകണം. ദൈവത്തോടുള്ള ബന്ധം ''ശരിയാക്കിയാൽ'' പ്രാർത്ഥനക്കുത്തരം നൽകുന്നതിന്റെ ''രഹസ്യം കണ്ടുപിടിക്കുവാൻ കഴിയും!

---

**ദൃശ്യ-സഹായ കുറിപ്പുകൾ**

''പ്രാർത്ഥനക്കുത്തരം ലഭിക്കുന്നതിന്റെ രഹസ്യം'' എന്ന പ്രയോഗം അവസാനം ''രഹസ്യം'' അവസാനം ''വെളിപ്പെടുത്തുന്നതുവരെ'' പാഠം മുഴുവൻ ഒരു കീറാമുട്ടിയായി ഉപയോഗിച്ചുകൊണ്ടേയിരിക്കും. ഒരു വലിയ കാർഡിൽ ആ വാക്കുകൾ വലിയ അക്ഷരത്തിൽ ഇങ്ങനെ എഴുതുക ''**പ്രാർത്ഥനക്ക് 'ഉത്തരം ലഭിക്കുന്നതിന്റെ രഹസ്യം.**''' നിങ്ങൾ വാഗ്ദാനം ചെയ്തതുപോലെ അവസാനം അത് ''വെളിപ്പെടുത്തുന്നതു'' വരെ ഇടക്കിടക്ക് ഉയർത്തി കാണിച്ചുകൊണ്ടിരിക്കുക. കാർഡിന്റെ മറുവശത്ത് ''രഹസ്യം'' എന്തെന്നാൽ ''**നീതിമാനായ പുരുഷൻ**'' (''**നീതിമതിയായ സ്ത്രീ**'') എഴുതിയിരിക്കുന്നത് മറിച്ച് കാണിക്കുക.

---

കുറിപ്പുകൾ

[1]നാലാമത്തെ പാഠത്തിന്റെ കുറിപ്പുകൾ നോക്കുക. അതു യോനാ ആയിരിക്കുക അസംഭവ്യമാണ്. അത് സാരെഫാത്തിലെ വിധവയുടെ മകൻ ആയിരിക്കുവാനാണ് സാധ്യത. ഏലിയാവ് ദയവോടുകൂടി ആഹാബിനോട് സംസാരിച്ച ശേഷം, അവൻ അവന്റെ അടുക്കലേക്ക് ഭൃത്യനെ അയച്ചതാകാം. [2]സിസേരയുടെ രഥം കിശോൻ ചളിയിൽ പൂന്തി (1 ന്യായാധിപന്മാർ 4:15; 5:21). [3]രാജാക്കന്മാർ 21:1

---

**പാഠത്തിന്റെ ബാഹ്യരൂപരേഖ**

മുഖവുര

ഏ. ബാലിന്റെ 450 പ്രവാചകന്മാരെ വെല്ലുവിളിച്ചതായിരുന്നു ഏലിയാ വിന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദിവസം എന്നാണ്

ചിലർ കരുതുന്നത്. എങ്ങനെയായാലും, ഉച്ചസ്ഥായി വരുവാനിരിക്കുന്നതേയുള്ളു (18:1 നോക്കുക).

ബി. ''പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ രഹസ്യം'' എന്ന തലക്കെട്ടോടുകൂടിയാണ് അദ്ധ്യായം 18 ന്റെ ഈ ഭാഗം നാം പഠിക്കുവാനാഗ്രഹിക്കുന്നത്.

1. പ്രാർത്ഥനയുടെ വലിയ ഉദാഹരണങ്ങളെ ചിന്തിക്കുമ്പോൾ ആരാണ് നിങ്ങളുടെ മനസിലേക്ക് വരുന്നത്?
2. ഏലിയാവ് തിരഞ്ഞെടുത്തത് ഏലിയാവിനെയാണ് (യാക്കൊബ് 5:16–18; വെളിപ്പാട് 11:6 നോക്കുക).

I. ശക്തിയുള്ള ഒരു പ്രാർത്ഥന

ഏ. ഏലിയാവിന്റെ പ്രാർത്ഥനക്ക് ദൈവം ഉത്തരം നൽകുന്നു.

1. ഏലിയാവ് മനുഷ്യനിൽനിന്നു മറഞ്ഞിരിക്കുന്നതും, മനുഷ്യനോട് ഏന്തുമുട്ടുന്നതും നാം കണ്ടു; ഇനി അവൻ ദൈവത്തോട് ആശയവിനിമയം നടത്തുന്നത് നാം കാണും.

ഏ. ആഹാബിനോട് ''നീ ചെല്ലുക'' (1 രാജാക്കന്മാർ 18:41). പഴയ നിയമത്തിലുടനീളം, ദൈവത്താൽ അഭിഷിക്തരായവരെ ബഹുമാനിച്ചിരുന്നു.

ബി. ''വലിയ മഴയുടെ മുഴക്കം ഉണ്ട്'' (വാക്യം 41). വിശ്വാസ ചെവി യാലാണ് ഏലിയാവ് കേട്ടത്.

സി. ആഹാബും ഏലിയാവും പോകുന്നു (വാക്യം 42). പക്ഷെ വ്യത്യസ്ത കാരണങ്ങൾക്കായിരുന്നു.

ഡി. ഏലിയാവ് പ്രാർത്ഥിക്കുന്നു (വാക്യം 42) ''പ്രാർത്ഥന'' എന്ന വാക്ക് അവിടെ ഉപയോഗിച്ചിട്ടില്ല, എങ്കിലും പ്രാർത്ഥനയാ യിരുന്നു എന്നു യാക്കോബ് ഉറപ്പിക്കുന്നു (യാക്കൊബ് 5:17, 18).

ഈ. ഏലിയാവ് തന്റെ ദാസനെ (സാരെഫാത്തിലെ വിധവയുടെ മകൻ?) പരിശോധനക്കായി അയക്കുന്നു (വാക്യം 43).

എഫ്. ആദ്യം ഒന്നും സംഭവിക്കുന്നില്ല (വാക്യം 43).

2. പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചു.

ഏ. ചെറിയ ഒരു മേഘം പ്രത്യക്ഷമാകുന്നു (വാക്യം 44). ഏലിയാവിന് അതു മതിയായിരുന്നു. തന്റെ രഥം തയ്യാറാക്കുവാൻ അവൻ ആഹാബിനോട് പറഞ്ഞു (വാക്യം 44). തീർച്ചയായും, ''ഒരു *വലിയ* മഴ തന്നെയായിരുന്നു'' (വാക്യം 45).

ബി. എത്ര അതിശയകരമായിട്ടാണ് ഏലിയാവിന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിച്ചത്.

(1) ദേശം മുഴുവൻ അനുഗ്രഹിക്കപ്പെട്ടു. ''ഭൂമിയിൽ ധാന്യം വിളഞ്ഞു'' എന്നാണ് യാക്കൊബ് പറഞ്ഞത്.

(2) ഏലിയാവ് അനുഗ്രഹിക്കപ്പെട്ടു. വാക്യം 45 ഉം 46 ഉം ശ്രദ്ധിക്കുക. ഏലിയാവിന് എവിടെ നിന്നാണ് ഊർജ്ജം ലഭിച്ചത്? ''*യഹോവയുടെ*

കൈ അവന്മേൽ ഉണ്ടായിരുന്നു.''

(3) ആഹാബിനും, ആവൻ മുഖാന്തരം ദേശം മുഴുവനും അനുഗ്രഹം ലഭിച്ചു.

സി. എന്തു സംഭവിക്കുമെന്നറിയുവാൻ ഏലിയാവ് യിസ്രയേലിന്റെ വാതിൽക്കലേക്ക് ബദ്ധപ്പെട്ടുപോയി.

ബി. ഈ സംഭവം എന്താണ് നമ്മോട് പറയുന്നത്?

1. പ്രാർത്ഥനക്ക് ശക്തിയുണ്ടെന്ന് ആ സംഭവം നമ്മോട് പറയുന്നു. ദൈവം പ്രാർത്ഥനക്ക് ഉത്തരം നൽകും. യാക്കൊബ് 5 ലേക്ക് മടങ്ങാം:

ഏ. വാക്യം 16 ലെ ശക്തമായ മൂന്നു വാക്കുകൾ ശ്രദ്ധിക്കുക:

(1) ''*ഫലിക്കുന്ന*''

(2) ''*നേടുവാൻ* കഴിയുന്ന''

(3) ''*വളരെ* ഫലിക്കുന്ന''

ബി. വാക്യം 17 ലും 18 ലും യാക്കൊബ് തെളിവ് നൽകുന്നു.

(1) ദൈവം ഏലിയാവിന്റെ പ്രാർത്ഥനക്ക് ഉത്തരം നൽകി.

(2) ദൈവം നിങ്ങളുടെ പ്രാർത്ഥനക്കും ഉത്തരം നൽകും.

2. ഈ പാഠം നാം പഠിക്കേണ്ടതും നമ്മളുടെ കുട്ടികളെ പഠിപ്പിക്കേണ്ടതുമാണ്.

II. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ രഹസ്യം

ഏ. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ ''രഹസ്യം'' നോക്കുന്നതിനുമുൻപ് ശക്തമായി പ്രാർത്ഥിച്ച ആളുടെ സ്വഭാവം നമുക്ക് നോക്കാം.

1. അവൻ *വിശ്വാസമുള്ള* മനുഷ്യനായിരുന്നു (യാക്കൊബ് 1:6).
2. അവൻ *ദൈവത്തിൽ ആശ്രയിച്ചിരുന്നു.*
3. അവൻ *സമയം എടുത്തു ദൈവത്തോട് സംസാരിച്ചിരുന്നു.*
4. അവൻ *താഴ്മയുള്ളവനായിരുന്നു.*
5. അവൻ *മറ്റുള്ളവരെ കുറിച്ചു വിചാരപ്പെട്ടിരുന്നു.*
6. അവൻ *ഉൽസാഹത്തോടെ പ്രാർത്ഥിച്ചിരുന്നു.*
7. അവൻ *തുടർച്ചയായി പ്രാർത്ഥിച്ചിരുന്നു.*

ബി. പശ്ചാത്തലത്തോടുകൂടി, നാം പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതിന്റെ രഹസ്യം കാണുവാൻ പോകുന്നു.

1. ഇംഗ്ലീഷിലെ മൂന്ന് ''എൽ'' എന്നതിലാണ് രഹസ്യമുള്ളത് എന്നാണ് ചിലർ കരുതുന്നത്.

ഏ. ലെങ്ത്ത്

ബി. ലാംഗ്വേജ്

സി. ലൗഡ്നസ്

2. *ദൈവത്തോടുള്ള ശരിയായ ബന്ധമാണ്* ''രഹസ്യം'' എന്നു യാക്കൊബ് പറയുന്നു: ''*നീതിമാന്റെ* ശ്രദ്ധയോടുകൂടിയ പ്രാ

ർത്ഥന വളരെ ഫലിക്കും.''

ഏ. നാം ദൈവത്തോട് ശരിയായ ബന്ധത്തിലായിരിക്കണം.

ബി. ഏലിയാവിനെപോലെ പ്രാർത്ഥിക്കുവാൻ നമുക്ക് കഴിയുകയില്ല എന്നു നാം വിചാരിച്ചേക്കാം, പക്ഷെ ''അവൻ നമ്മെപോലെ സമസ്വഭാവമുള്ള മനുഷ്യനായിരുന്നു'' അവന്റെ പ്രാർത്ഥനക്കു ദൈവം ഉത്തരം നൽകിയത് അവൻ തികവുള്ളവനായതുകൊണ്ടല്ല, പിന്നെയോ അവൻ ''ദൈവമുൻപാകെ'' ''നിന്നതുകൊണ്ടാണ്'' (1 രാജാക്കന്മാർ 17:1). നമുക്കും അതിനു കഴിയും.

ഉപസംഹാരം

ഏ. ദൈവവുമായി നിങ്ങളുടെ ബന്ധം എങ്ങനെയിരിക്കുന്നു?

1. നമുക്ക് ''പിതാവേ'' എന്നു വിളിക്കുവാൻ അവകാശമുണ്ടോ? (ഗലാത്യർ 3:26, 27; യോഹന്നാൻ 3:3–5).
2. ദൈവമക്കളായി തീർന്നിട്ടുണ്ടെങ്കിൽ, നാം *വിശ്വസ്തരായ* മക്ക ളാണോ? (യോഹന്നാൻ 3:31; സങ്കീർത്തനങ്ങൾ 66:18)?

ബി. ഞങ്ങൾ നിങ്ങളെ സഹായിക്കട്ടെ.